ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം 12
0471 2342532 keralaprisons@gov.in

**നടപടികൾ**

വിഷയം : ജയിലുകൾ- ആസ്ഥാനകാര്യാലയം - പ്ലാനിങ് ഡിവിഷൻ - Draft Model Rules on Video Conferencing - പരിശോധിച്ച് ഭേദഗതികൾ ശിപാർശ ചെയ്യുന്നതിന് വകുപ്പുതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 13.06.2025 ലെ കേരളാ ഹൈക്കോടതിയിൽ നിന്നുള്ള HCKL/3936/2025-DI-1 നമ്പർ കത്ത്

**ഉത്തരവ് നം : KPCS/3930/2025-P2 തീയതി : 25-06-2025**

കേന്ദ്ര നിയമ മന്ത്രാലയം പുതിയ ക്രിമിനൽ നിയമങ്ങൾക്കനുസൃതമായി രൂപപ്പെടുത്തിയ വീഡിയോ കോൺഫറൻസിംഗിനെക്കുറിച്ചുള്ള Draft Model Rules (ന്യായ ശ്രുതി) ഭേദഗതികൾ വരുത്തുന്നതിന് കേരള ഹൈക്കോടതി, 2021 ഓഗസ്റ്റ് 25 ന് പ്രസിദ്ധീകരിച്ചിട്ടുള്ള ഹൈക്കോടതിയുടെ ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് നിയമങ്ങൾ അടിസ്ഥാനമാക്കി ഭേദഗതി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് ജയിലുകളുമായി ബന്ധപ്പെട്ടതുകൂടെയാകയാൽ നിർദ്ദിഷ്ട നിയമങ്ങളുടെ ഒരു പ്രധാന ഭാഗമാണ് ജയിലുകളും. മേൽ സാഹചര്യത്തിൽ ടി കരട് നിയമാവലി ഭേദഗതിക്കായുള്ള കോടതിയുടെ പ്രൊപ്പോസൽ ഫൈനലൈസ് ചെയ്യുന്നതിന് മുമ്പായി പ്രസ്തുത ഭേദഗതികൾ പരിശോധിച്ച് ജയിൽ വകുപ്പിൻറെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടെ അറിയിക്കേണ്ടതുണ്ട്.

സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച്, വീഡിയോ കോൺഫെറെൻസിങ് ഡ്രാഫ്റ്റ് മോഡൽ റൂൾസ് (Nyaya Shruti) ന്മേലുള്ള ജയിൽ വകുപ്പുമേധാവിയുടെ views and suggestions സർക്കാരിൽ ഇതിനോടകം നൽകിയിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ വീഡിയോ കോൺഫറൻസിംഗിനെക്കുറിച്ചുള്ള Draft Model Rules (ന്യായ ശ്രുതി) ൽ കേരള ഹൈക്കോടതി തയ്യാറാക്കിയിട്ടുള്ള ഭേദഗതികൾ, പരിശോധിക്കുന്നതിനും ഇതിനോടകം സർക്കാരിൽ സമർപ്പിച്ചിട്ടുള്ള Draft മോഡൽ റൂൾസ് (Nyaya Shruti) ന്മേലുള്ള ജയിൽ വകുപ്പുമേധാവിയുടെ views and suggestions കൂടെ കണക്കിലെടുത്തുകൊണ്ട്, കേരള ഹൈക്കോടതി തയ്യാറാക്കിയിട്ടുള്ള ഭേദഗതികളിൽ ജയിൽ വകുപ്പിൻറെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

ശ്രീ. ജയകുമാർ. V - ഡി.ഐ ജി, ഉത്തരമേഖല

ശ്രീ സജീവ്. S - സൂപ്രണ്ട്, ഓപ്പൺ പ്രിസൺ ആൻറ് കറക്ഷണൽ ഹോം, നെട്ടുകാൽത്തേരി

ശ്രീ. അനിൽകുമാർ. K - സൂപ്രണ്ട് ,സെൻട്രൽ പ്രിസൺ ആൻറ് കറക്ഷണൽ ഹോം, വിയ്യൂർ

ശ്രീമതി സാജി സൈമൺ - വെൽഫെയർ ഓഫീസർ, സെൻട്രൽ പ്രിസൺ ആൻറ് കറക്ഷണൽ ഹോം, വിയ്യൂർ

ശ്രീ. സമീർ. A - ജോയിൻറ് സൂപ്രണ്ട്/നോഡൽ ഓഫീസർ, വീഡിയോ കോൺഫറൻസിംഗ് - ടെക്നിക്കൽ സെൽ, ജയിൽ ആസ്ഥാനകാര്യാലയം

ടി കമ്മിറ്റി അടിയന്തരമായി ചേർന്ന് പ്രൊപ്പോസൽ തയ്യാറാക്കി നൽകേണ്ടതാണ്. കമ്മിറ്റി ഏകോപിപ്പിച്ച് അടിയന്തരമായി കമ്മിറ്റി ചേരുന്നതിനുള്ള നടപടികൾ വീഡിയോ കോൺഫറൻസിംഗ്, നോഡൽ ഓഫീസർ ശ്രീ. സമീർ.എ സ്വീകരിക്കേണ്ടതാണ്.

(ഉള്ളടക്കം - (1) Letter no: D.O J-11018/01/25 from Union Minister for Law and Justice dated 10.03.2025

(2) Electronic Video Linkage Rules, 2021 for the courts of Kerala.

(3) Draft Rules for Nyaya Shruthi forwarded from Central Government.

(4) Amendments suggested by the High Court(draft) )

Vinod Kumar M K
DEPUTY INSPECTOR GENERAL

Signed by
M K Vinodkumar
Date: 25-06-2025 15:44:54

സ്വീകർത്താവ് : **കമ്മിറ്റി അംഗങ്ങൾക്ക്**
പകർപ്പ് : **ടെക്നിക്കൽ സെൽ**